# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2244 06.02.2019-ൽ മറുപടിക്ക്

## സാംസ്കാരിക പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ പദ്ധതി

**ചോദ്യം**

ശ്രീ.ടി.എ.അഹമ്മദ് കബീർ
ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. പി.ഉബൈദുള്ള
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | എല്ലാ ജില്ലകളിലും സാംസ്കാരിക പൈതൃകം പേറുന്ന മ്യൂസിയങ്ങൾ സ്ഥാപിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. എല്ലാ ജില്ലകളിലും അതാത് ജില്ലയുടെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും പുതുതലമുറയ്ക്ക് കൈമാറുന്നതിനുമായി ജില്ലാപൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി പുരാവസ്തുവകുപ്പ് മുഖേന സ്വീകരിച്ചു വരുന്നുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പ്രവൃത്തി സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃകമ്യൂസിയം മുഖേന നടത്തി വരുന്നു. സജ്ജീകരണം പൂർത്തിയാക്കി തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയം പൊതുജനങ്ങൾക്കു തുറന്ന് കൊടുത്തിട്ടുമുണ്ട്.<br>പുരാരേഖാ വകുപ്പിന് കീഴിൽ വൈക്കം സത്യാഗ്രഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി കോട്ടയം ജില്ലയിലെ വൈക്കത്ത് വൈക്കം സത്യാഗ്രഹ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ തുടക്കത്തിൽ ഏതെല്ലാം ജില്ലകളിലാണ് മ്യൂസിയം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | മ്യൂസിയങ്ങളിലേക്ക് ആവശ്യമായ പുരാവസ്തുക്കൾ എപ്രകാരം ശേഖരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ? | (സി) | അതാത് ജില്ലകളിൽ നിന്നും ലഭ്യമാകുന്ന പുരാവസ്തുക്കളും, രേഖകളുമാണ് മ്യൂസിയത്തിൽ സജ്ജീകരിക്കുന്നത്. ജനകീയ പങ്കാളിത്തത്തോടെ പുരാതത്വ സർവ്വേ നടത്തി ജനങ്ങളിൽ നിന്നും പുരാവസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഇടുക്കി, പത്തനംതിട്ട മ്യൂസിയങ്ങളിലേക്ക് വേണ്ട പുരാവസ്തുക്കൾ ഇടുക്കി പവനാത്മാ കോളേജ്, പന്തളം എൻ.എസ്.എസ് കോളേജ് എന്നീ കാര്യാലയങ്ങളിലെ വിദ്യാർത്ഥികളേയും, അദ്ധ്യാപകരേയും ഉൾപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെ സഹകരണത്തോടെ ശേഖരിച്ച് കഴിഞ്ഞു. കൂടാതെ പാലക്കാട് മ്യൂസിയത്തിലേക്ക് ആവശ്യമായ സംഗീത ഉപകരണങ്ങൾ വില നൽകി ഏറ്റെടുത്തിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**